മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: സിൻഡിക്കേറ്റ് തീരുമാനം - സർവ്വകലാശാല ഫണ്ട് ദുരുപയോഗം - ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയത്തിന്റെ പ്രതിഫലം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ എന്നും ബില്ല് പാസ്സാക്കിയ ഓഫീസർമാരുടെ ഭാഗത്തുനിന്നും ഭരണപരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നും അന്വേഷിക്കുന്നതിനായി ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റ് മെമ്പർ കൺവീനറായി എൻക്വയറി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 4533/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 05.06.2018

സൂചന:
1. 29.04.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ OA-2/17.06, Sub Item No. OA (1).
2. 18.05.2017-ലെ സർവ്വകലാശാല ഉത്തരവ് നം. 2913/A1/2/2017/Admn.
3. 06.06.2017-ലെ സർവ്വകലാശാല ഉത്തരവ് നം. 3412/എ1/2/2017/ഭരണവിഭാഗം.
4. 12.02.2018-ലെ രജിസ്ട്രാറുടെ കുറിപ്പ് നം. രജി/2/121/2018, വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം.
5. 26.02.2018-ലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ എഡി.എ1-2-68/2018 തീയതി 26.02.2018.
6. സർവ്വകലാശാല ഉത്തരവ് നം. 4083/എ1/2/2018/ഭരണവിഭാഗം തീയതി 21.05.2018.
7. 19.05.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 129/18.04/181471, ഉപ ഇനം നമ്പർ 03/181207.

## ഉത്തരവ്

ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണയത്തിന്റെ പ്രതിഫലം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഫണ്ട് ദുരുപയോഗം ചെയ്തതു സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് സൂചന (1)-ലെ സിൻഡിക്കേറ്റ് അംഗീകരിക്കുകയും കുറ്റക്കാർക്കെതിരെ അച്ചടക്കനടപടികൾ കൈക്കൊള്ളുവാൻ വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുകയും, സമാനമായ സാമ്പത്തിക അപഹരണ കേസുകൾ മുൻവർഷങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്നും അത്തരം കേസ്സുകളിൽ ബില്ലുകൾ പാസ്സാക്കിയ ഓഫീസർമാരുടെ ഭാഗത്ത് ഭരണപരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നും അന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ ഉത്തരവ് സൂചന (2) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സിൻഡിക്കേറ്റ് തീരുമാനത്തിന് അനുസൃതമായി ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി രജിസ്ട്രാറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവാകുകയും, സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ഇതിനെത്തുടർന്ന്, സൂചന (3) പ്രകാരം രജിസ്ട്രാർ തന്നെ അന്വേഷണ ഉദ്യോഗസ്ഥന്റെ ചുമതലയിൽ നിന്ന് ഒഴിവാക്കണമെന്ന് വൈസ് ചാൻസിലറോട് അഭ്യർത്ഥിക്കുകയും ആയത് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവാകുകയും, സൂചന (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, രജിസ്ട്രാറുടെ മേൽ സൂചിപ്പിച്ചിരിക്കുന്ന കുറിപ്പിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും തീരുമാനത്തിനും സമർപ്പിക്കുന്നതിനായി വൈസ് ചാൻസിലർ ഉത്തരവാകുകയും ചെയ്തു. ആയത് സൂചന (5) പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുകയുണ്ടായി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

.

മേൽവിഷയം പരിഗണിച്ചുകൊണ്ട്, ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണയത്തിന്റെ പ്രതിഫലം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഫണ്ട് ദുരുപയോഗം ചെയ്തതു സംബന്ധിച്ച്, സമാനമായ സാമ്പത്തിക അപഹരണ കേസുകൾ മുൻവർഷങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്നും അത്തരം കേസ്സുകളിൽ ബില്ലുകൾ പാസ്സാക്കിയ ഓഫീസർമാരുടെ ഭാഗത്ത് ഭരണപരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നും അന്വേഷണം നടത്തുന്നതിന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ആർ. പ്രഗാഷ്, കൺവീനറായും (കൺവീനർ, സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - പരീക്ഷ), സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ. എ. ജോസ് (കൺവീനർ, സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ലീഗൽ), പ്രൊഫ. ടോമിച്ചൻ ജോസഫ് (കൺവീനർ, സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അഫിലിയേഷൻ) എന്നിവരുൾപ്പെടുന്ന അന്വേഷണ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സൂചന (7) പ്രകാരം സിൻഡിക്കേറ്റ് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. പബ്ലിക് റിലേഷൻസ് ഓഫീസർ
5. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / എസി.സി/ ഓഡിറ്റ് II & III/ഫിനാൻസ് I
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-68/2018